**പതിമൂന്നാം കേരളനിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **06-03-2012 - ൽ**

**ചോദ്യം നമ്പർ 35** **മറുപടിക്ക്**

## ഐ.ടി. മേഖലയിലെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി.എൻ. പ്രതാപൻ :**<br>**ശ്രീ. വി.പി. സജീന്ദ്രൻ :**<br>**ശ്രീ. വർക്കല കഹാർ :**<br>**ശ്രീ. വി.ഡി. സതീശൻ :** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br><br>**(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)** |
| (എ) ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി എന്തെല്ലാം നടപടി കളാണു കൈക്കൊണ്ടിട്ടുള്ളതെന്നു വിശദമാക്കുമോ ; | (എ) ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി ടെക്നോപാർക്കിൽ ഇപ്പോൾ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം ടെക്നോപാർക്കിന്റെ ഘട്ടംഘട്ടമായുള്ള വികസന പദ്ധതികളായ ടെക്നോപാർക്ക് Phase II, Phase III, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക്, എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങളും അനുബന്ധ സൗകര്യങ്ങളും തയ്യാറാക്കിവരുന്നു. ഇൻഫോർമേഷൻ ടെക്നോളജിയുടെ ചെലവ് കുറയ്ക്കുന്നതിന് സ്വതന്ത്ര സോഫ്റ്റ് വെയർ സഹായിക്കുന്നു. മലബാർ മേഖലയിൽ ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് 43 ഏക്കർ ഭൂമി ഏറ്റെടുത്ത് പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിൽ എരമംകുറ്റൂർ പഞ്ചായത്തിൽപ്പെട്ട ഐ.ടി. പാർക്കിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചു. കാസർകോഡ് ജില്ലയിൽ ചീമേനി ഗ്രാമപഞ്ചായത്തിൽ 100 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇൻഫോപാർക്ക് കൊച്ചി കേന്ദ്രീകരിച്ച്, ഇൻഫോപാർക്ക് ചേർത്തല, ഇൻഫോ പാർക്ക് തൃശ്ശൂർ എന്നിവ പ്രവർത്തിക്കുന്നു. ഇൻഫോ പാർക്ക് കൊച്ചിയിൽ (ഒന്നാംഘട്ടം) **TCS**-ന്റെ പുതിയ ഐ.റ്റി **campus**-ന്റെ നിർമ്മാണം വളരെ വേഗത്തിൽ പുരോഗമിക്കുന്നു. ഇൻഫോപാർക്ക് കൊച്ചിയുടെ അതുല്യ **complex**-ൽ പ്രമുഖ ഐ.റ്റി. സ്ഥാപനങ്ങളായ **Cognizant Technologies, Ernst & Young,** എന്നിവ പ്രവർത്തനം ആരംഭിച്ചു. ഇൻഫോപാർക്ക് കൊച്ചി രണ്ടാം ഘട്ടത്തിൽ ഇൻഫോ പാർക്ക് നേരിട്ട് നിർമ്മിക്കുന്ന 4 ലക്ഷം ചതു. അടി ഐ.റ്റി. മന്ദിരത്തിന്റെ നിർമാണം പുരോഗമിക്കുന്നു. **Cognizant Technologies (CTS)**-ന് 15 ഏക്കർ സ്ഥലം നൽകാനുള്ള ധാരണാപത്രം 2012 **February 7**-ാം തീയതി ഒപ്പു വയ്ക്കുകയുണ്ടായി. ഇൻഫോപാർക്ക് ചേർത്തല പാർക്കിലെ ആദ്യത്തെ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തികരിച്ചു. |

അക്ഷയ വഴി G2C, B2C, UID എൻറോൾമെന്റ്, ഇ-ഡിസ്ട്രിക്റ്റ് പദ്ധതി, ഇൻറ്റൽലേൺ പ്രോഗ്രാം, ഇ-വിദ്യാ സർട്ടിഫിക്കറ്റ് കോഴ്സ്, ഇൻ-ഓഫീസ് മാനേജ്മെന്റ്, ഇ-ഫയലിംഗ്, എന്റെ ഗ്രാമം, ഇ-മണൽ, ഇ-ഗ്രാൻസ്, ഇ-ലിറ്ററസി, ഇൻസൈറ്റ് തുടങ്ങിയ നിരവധി സേവനങ്ങൾ നടപ്പി ലാക്കി വരുന്നു. IIITM-K വഴി ഉന്നത നിലവാരമുള്ള മാസ്റ്റേഴ്സ്, എം.ഫിൽ കോഴ്സുകൾ നൽകി വരുന്നു. ശാസ്ത്രസ്ഥാപന ങ്ങൾക്ക് ആവശ്യമുള്ള മാനവ ശേഷി ജിയോഇൻഫർ മാറ്റിക്സ്, ഇ-ഗവേണൻസ് കൂടാതെ കമ്പ്യൂട്ടേഷണൽ സയൻസ് തുടങ്ങിയ മേഖലകളിൽ വിജയകരമായി വികസിപ്പിച്ചു വരുന്നു. ഇ-ഗവേണൻസ്, മലയാളം കമ്പ്യൂട്ടിംഗ്, മെഡിക്കൽ ഇമേജിംഗ്, പാറ്റേൺ മാച്ചിംഗ്, മെഷ്യൻ ഇൻറ്റലിജൻസ് തുടങ്ങിയ മേഖലകളിലും ഗവേഷണം നടത്തുന്നുണ്ട്. സാധാരണക്കാർക്കും കർഷകർക്കും വിവര സാങ്കേതിക വിദ്യയുടെയും ജിയോ ഇൻഫർമാറ്റിക്സിന്റെയും, സയന്റിഫിക് കമ്പ്യൂട്ടിംഗി ന്റെയും സഹായത്താൽ ആവശ്യമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നു.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗര ങ്ങൾ കേന്ദ്രമാക്കി ഐ.റ്റി. വ്യവസായ സോണുകൾ തുടങ്ങുന്ന കാര്യം പരിഗണി ക്കുമോ ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ വിവിധ സ്ഥലങ്ങ ളിൽ ഐ.റ്റി. പാർക്കുകൾ അനുവദിക്കുന്ന കാര്യം ആലോ ചിക്കുമോ ;

(ബി) (ബി) യും (സി)യും

സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി ഐ.ടി. വ്യവസായം ആരംഭിക്കുന്നതിന്റെ ഭാഗമായാണ് Hub & Spoke മാതൃകയിൽ ഐ.ടി. വ്യവസായം ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചത്. പ്രധാന നഗരങ്ങൾ Hub ആയും മറ്റു പ്രദേശങ്ങളെ ബന്ധിപ്പിച്ച് Spoke-കൾ ആയും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ പ്രധാന Hub ആയി കേന്ദ്രീകരിച്ച് ഐ.ടി. വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. മലബാർ മേഖലയിലെ മലപ്പുറം ജില്ലയിൽ ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിന്റെ പ്രാഥമിക പഠന റിപ്പോർട്ടുകൾ പൂർത്തീകരിച്ചു വരുന്നു. ഇൻഫോ പാർക്ക് കൊച്ചി കേന്ദ്രമാക്കി, ചേർത്തല, കൊരട്ടി (തൃശ്ശൂർ) എന്നീ സ്ഥലങ്ങളിൽ **Spoke** പാർക്കുകൾ സ്ഥാപിതമായിട്ടുണ്ട്.

ഡി) സാധാരണക്കാരന്റെ ജീവിത നിലവാരം കൂടി ഉയർത്തുന്ന ഐ.റ്റി. വികസന ത്തിനു രൂപം നൽകുന്ന കാര്യം ആലോചിക്കുമോ ?

ഡി) ഇൻഫോപാർക്കിന്റെ വിവിധ പാർക്കുകളിലെ ജീവനക്കാ രിൽ 60%-ത്തിലധികം പേരും **Rural Background**-ൽ നിന്ന് വരുന്നവരാണ്. കേരളത്തിൽ കണ്ണൂരും പാല ക്കാടും ദേശീയ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗ മായി ഇ-ഡിസ്ട്രിക്ട് പദ്ധതി വിജയകരമായി നടപ്പി ലാക്കിയതു മുഖേന സാധാരണ ജനങ്ങൾക്ക് സർക്കാർ

ഓഫീസുകളിൽ കയറിയിറങ്ങുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും തങ്ങളുടെ ദിവസവേതനം നഷ്ടപ്പെടാതെ അവശ്യസേവനങ്ങൾ അക്ഷയ വഴി ലഭ്യമാക്കുവാനും സാധിക്കുന്നു. കോഴിക്കോട് ഐ.ഐ.എം. നടത്തിയ പഠന റിപ്പോർട്ട് സൂചിപ്പിക്കുന്നത് സംസ്ഥാനത്തെ ഐ.ടി. വികസനം മുഖേന കൂടുതൽ തൊഴിലവസരങ്ങളും സാമ്പത്തിക ഉയർച്ചയും കൈവരിക്കുക വഴി സാധാരണക്കാരന്റെ ജീവിത നിലവാരം ഉയരുന്നതായിട്ടാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന 53% പേരും ഗ്രാമീണ മേഖലയിൽ നിന്നുള്ളവരും 21% പേർ തൊഴിൽരഹിതരോ ദിവസക്കൂലി വേതനത്തിൽ ജോലി ചെയ്യുന്ന കുടുംബത്തിൽ നിന്നുള്ളവരോ ആണ്.

സെക്ഷൻ ഓഫീസർ